**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് & ഗ്രാമവികസനം - ജീവനക്കാര്യം -ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.സി.വി.വിജയന് എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

**സ.ഉ(സാധാ)നമ്പർ.1157/2016/തസ്വഭവ. തിരുവനന്തപുരം, തീയതി, 4.03.2016**

---

**പരാമർശം** - 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.7.2014 നം.E5(SC3/14/ERK) 8534/2014 നമ്പർ കത്ത്.

2 ശ്രീ.സി.വി.വിജയനെതിരെയുള്ള 13.11.2014-ലെ 63272/ഇആർബി3/ 2014/ തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. 24.12.2014-ൽ ശ്രീ.സി.വി.വിജയൻ സമർപ്പിച്ച പ്രതിവാദപത്രിക.

4. ഗ്രാമവികസന കമ്മീഷണറുടെ 5.10.2015 ലെ 143/എസ്റ്റാഎ 3 /14/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റ് 22.04.2014-ൽ പരിശോധന നടത്തുകയും, ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിലെ മരങ്ങളുടെ ശാഖ മുറിച്ചതിലും, ഓഫീസിൽ ടർക്കിയും ടേബിൾ ക്ലോത്തും വാങ്ങിയതിലും ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.വി. വിജയനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകുകയും പ്രസ്തുത കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി.

ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിൽ, ഫയലുകളും രശീതികളും വൗച്ചറുകളും ബന്ധപ്പെട്ട സെക്ഷൻക്ലർക്കാണ് സൂക്ഷിക്കുന്നതെന്നും ഇവർക്ക് മുകളിൽ ഫയലുകളുടെ മേൽനോട്ടത്തിന് ഹെഡ്ക്ലർക്കുമുണ്ടെന്നും, വൗച്ചറുകളും, രശിതികളും ടിയാൻ ഒപ്പുവെച്ച് ഹെഡ്ക്ലർക്കിനെ ഏൽപ്പിച്ചിരുന്നുവെന്നും, ഈ രശീതികളും വൗച്ചറുകളും യഥാർത്ഥത്തിൽ

സെക്ഷനിൽ തിരിച്ച നൽകിയില്ലായെന്ന് സെക്ഷൻ ക്ലർക്ക് രേഖാമൂലം ടിയാന് പരാതി നൽകിയിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ഹെഡ്ക്ലാർക്കിനെ വിളിച്ച വരുത്തി രശീതികളും വൗച്ചറുകളും സെക്ഷൻ ക്ലർക്കിന് നൽകാൻ വാക്കാൽ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ടെന്നും, ഇവയിൽ തുടർനടപടി സ്വീകരിക്കുന്നതിന് മുൻപായി ടിയാൻ 22.10.2013 ൽ സ്ഥലം മാറി പോവുകയുണ്ടായെന്നും, 22.10.2013 നും 14.06.2013 നും നടത്തിയ ചെലവുകളുടെ രേഖകൾ അതാത് സമയത്ത് ഒപ്പ് രേഖപ്പെടുത്തി നൽകിയെങ്കിലും ട്രാൻസ്ഫർ ആയശേഷം ഇത്തരം രേഖകൾ ആ ഓഫീസിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പ വരുത്തുന്നതിന് നിലവിൽ മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ ഇവ മാപ്പാക്കി മേൽ ആരോപണങ്ങളിൽ നിന്ന് ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

ടിയാന്റെ പ്രതിവാദപത്രികയിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിലുള്ള അപകട നിലയിലുള്ള മരങ്ങളുടെ ശാഖകൾ മുറിച്ച മാറ്റിയ വകയിൽ 10,000/- രൂപയുടെ രസീത്/വൌച്ചറുകൾ ഹെഡ് ക്ലാർക്കിനെ ഏൽപ്പിച്ചിരുന്നു എന്ന ശ്രീ.സി.വി.വിജയന്റെ മറുപടി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ലായെന്നും 14.06.2013-ലെ സെൽഫ് ചെക്ക് മുഖേന 10,000/- രൂപ മാറിയെടുത്തതായി കാണാൻ സാധിച്ചുവെന്നും, പണിക്കൂലി തുക ആർക്കെങ്കിലും നൽകി എന്നത് നടപടിക്രമത്തിൽ വ്യക്തമാക്കിയിട്ടില്ലെന്നും, ആയതിനാൽ ടി തുക അഡ്വാൻസ് ആയി മാറിയെടുത്തതായി അനുമാനിക്കാമെന്നും കൂടാതെ 03.07.2013-ലെ ബിൽ മുഖേന 4,500/- രൂപയുടെ രസീത് കാണുന്നുണ്ടെന്നും ടി ബില്ലിൽ അഡ്വാൻസ് തുകയായി മാറിയ 10,000/- രൂപ അഡ്ജസ്റ്റ് ചെയ്തതായി കാണിച്ചിട്ടില്ല എന്നും, അതിനാൽ ടി തുക, ടി ആവശ്യത്തിനായി യഥാർത്ഥത്തിൽ വിനിയോഗിച്ചതായി കരുതാൻ നിർവ്വാഹമില്ലെന്നും, 28.02.2013-ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന് ടർക്കിയും ടേബിൾ ക്ലോത്തും വാങ്ങുന്നതിനായി 5,000/- രൂപ സെൽഫ് ചെക്ക് മുഖേന മാറിയെടുത്ത് വിനിയോഗിച്ചതിന്റെ രസീത് ഹെഡ് ക്ലാർക്കിനെ ഏൽപ്പിച്ചിരുന്നു എന്നാണ് മറുപടിയിൽ കാണിച്ചിരിക്കുന്നതെന്നും, എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ടി സാധനങ്ങൾ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടില്ലെന്നും, ഫയലിൽ ഒരിടത്തും ഹെഡ് ക്ലാർക്ക് പരിശോധിച്ചതായി പരാമർശിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നതായും, ഇതിൽ നിന്നും ഫയൽ സെക്രട്ടറിയും സെക്ഷൻ ക്ലാർക്കും നേരിട്ടാണ് കൈകാര്യം ചെയ്തിരുന്നത് എന്ന് അനുമാനിക്കാവുന്നതും, ഇത്തരത്തിൽ ഒരു വാങ്ങൽ യഥാർത്ഥത്തിൽ നടന്നിട്ടുണ്ടോ എന്നത് സംശയകരമാണെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിലെ മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റിയതുമായി ബന്ധപ്പെട്ട് 14.06.2013-ൽ സെൽഫ് ചെക്ക് മുഖേന 10,000/- രൂപ മാറിയെടുത്തതും, പണിക്കൂലി തുക ആർക്കെങ്കിലും നൽകി എന്നത് നടപടിക്രമത്തിൽ വ്യക്തമാക്കാത്തതും, ടി തുക അഡ്ജസ്റ്റ് ചെയ്തതായി രേഖപ്പെടുത്താത്തതും, 28.02.2013-ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന് ടർക്കിയും ടേബിൾ ക്ലോത്തും വാങ്ങുന്നതിനായി 5,000/- രൂപ സെൽഫ് ചെക്ക് മുഖേന മാറിയെടുക്കുകയും, എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ടി സാധനങ്ങൾ വാങ്ങിയതായി രേഖപ്പെടുത്താത്തതും മേലുദ്യോഗസ്ഥനെന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.സി.വി.വിജയന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി കണക്കാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.സി.വി.വിജയനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി, ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞു കൊണ്ടും സർക്കാരിനുണ്ടായ നഷ്ടമായ 15,000/- രൂപ ശ്രീ.സി.വി.വിജയനിൽ നിന്ന് ഈടാക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകി കൊണ്ടും, തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു. .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജയശ്രീ.റ്റി.
അണ്ടർ സെക്രട്ടറി

ശ്രീ.സി.വി.വിജയൻ, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഏറ്റുമാനൂർ ബ്ലോക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
വിജിലൻസ് ( ഇ) വകുപ്പ് (28.1.2016-ലെ 331/ഇ 3/2016/വിജ്. നമ്പർ കത്തു പ്രകാരം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ